# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.926 — 10 /02/2016 - ൽ മറുപടിക്ക്

### ഫറോക്ക് ഇ.എസ്.ഐ ആശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എളമരം കരീം | | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) | ഫറോക്ക് ഇ.എസ്.ഐ ആശുപത്രി യുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടു - കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | ബി) | ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിരവധി നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. ഈ ആശുപത്രി സംസ്ഥാന സർക്കാരിനുകീഴിൽ ഒരു മാതൃകാ ആശുപത്രിയായി ഉയർത്താനുള്ള തീരുമാനമെടുത്തു. ഇതിന്റെ ഭാഗമായി 2012-2013 വർഷത്തിൽ 46,23,434/- രൂപ ചെലവഴിച്ച് അനസ്തേഷ്യ മെഷീൻ, ഇ.സി.ജി മോണിട്ടർ, CTG മെഷീൻ, ഓപ്പറേഷൻ ടേബിൾ, ഫോട്ടോതെറാപ്പി യൂണിറ്റ്, ആട്ടോക്ലേവ്, മൾട്ടി പാരാമോണിറ്റർ, ആട്ടോറിഫ്രാക്റ്റോമീറ്റർ എന്നീ ഉപകരണങ്ങൾ ഈ ആശുപത്രിക്ക് വേണ്ടി വാങ്ങിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ ഐ.പി.കളുടെ ആശ്രയ കേന്ദ്രമായ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ CT സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എച്ച്.ഡി.സി വഴിയും നിരവധി വികസന പ്രവർത്തനങ്ങൾ ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തി മുടങ്ങിക്കിടന്ന ലേബർ റൂം സൗകര്യം പുനഃസ്ഥാപിച്ചു. ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച ഒരു പരാതി നിലവിലുണ്ട്. ഇതിനൊരു സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്ക് കത്തെഴുതിയിട്ടുള്ളതും ഇതിന്മേലുള്ള നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ